"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - The Rights of Persons With Disabilities Act - കിളിമാനൂർ ആർ.ആർ.വി.ജി.എച്ച്.എസ്.എസ്-ലെ ചിത്രകലാദ്ധ്യാപകനായ ശ്രീ. ക്രിസ്റ്റിൻദാസ്.എസ്.എസ്-ന് 01.08.2014 മുതൽ വിരമിക്കൽ തീയതിയായ 31.05.2021 വരെയുള്ള ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതിനായി പ്രസ്തുത കാലയളവിലേയ്ക്ക് മാത്രമായി ടി സ്കൂളിൽ ചിത്രകലാദ്ധ്യാപകന്റെ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ്**

**സ.ഉ.(കൈ) നം.48/2025/GEDN തീയതി,തിരുവനന്തപുരം, 30-03-2025**

---

പരാമർശം:-

1. കിളിമാനൂർ ആർ.ആർ.വി.ജി.എച്ച്.എസ്.എസ്-ലെ ചിത്രകലാദ്ധ്യാപകനായ ശ്രീ.ക്രിസ്റ്റിൻദാസ്.എസ്.എസ് ന്റെ 29.10.2019, 16.12.2024 തീയതികളിലെ നിവേദനങ്ങൾ.
2. സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ 27.04.2020 ലെ SJD/101877/2019-D7 നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27.02.2020, 27.09.2021, 13.04.2023, 30.11.2024 എന്നീ തീയതികളിലെ ഇ.ടി.5/11822/2019/ഡിജിഇ നമ്പർ കത്തുകൾ.
4. സാമൂഹ്യനീതി (ബി) വകുപ്പിന്റെ 18.04.2022 ലെ ബി1/36/2022/സാ.നീ.വ നമ്പർ അനൗദ്യോഗിക കുറിപ്പ്

**<u>ഉത്തരവ്</u>**

റോഡപകടത്തിൽ നട്ടെല്ലിന് ക്ഷതം സംഭവിക്കുകയും തുടർന്ന് നിരന്തരം ചികിത്സയിലായിരിക്കുകയും നിലവിൽ ശരീരം പൂർണ്ണമായും ചലനശേഷി നഷ്ടപ്പെട്ട അവസ്ഥയിലുമായതിനാൽ The Rights of Persons With Disabilities Act -ലെ അദ്ധ്യായം 4 വകുപ്പ് 20 ഉപ വകുപ്പ് (4) പ്രകാരം ശമ്പളവും ആനുകൂല്യങ്ങളും നൽകണമെന്നാവശ്യപ്പെട്ട് എയ്ഡഡ് സ്കൂളായ കിളിമാനൂർ ആർ.ആർ.വി.ജി.എച്ച്.എസ്.എസ്-ലെ ചിത്രകലാദ്ധ്യാപകനായ ശ്രീ. ക്രിസ്റ്റിൻദാസ്. എസ്.എസ് പരാമർശം (1) പ്രകാരം നിവേദനം സമർപ്പിക്കുകയുണ്ടായി.

2) ശ്രീ.ക്രിസ്റ്റിൻദാസ്.എസ്.എസ് ന് 22.4.2014 ൽ സംഭവിച്ച റോഡ് അപകടത്തെ തുടർന്ന് നട്ടെല്ലിന് ക്ഷതം സംഭവിക്കുകയും നിരന്തരം ചികിത്സയിലായിരിക്കുകയും നിലവിൽ ശരീരം പൂർണ്ണമായും ചലനശേഷി നഷ്ടപ്പെട്ട അവസ്ഥയിലുമാണ്. 80% ഭിന്നശേഷിക്കാരനാണെന്നുള്ള മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ടിയാൾക്ക് 10.12.2018 ന് ലഭ്യമായിട്ടുണ്ടെന്നും പരസഹായം കൂടാതെ ആഹാരം കഴിക്കാനോ സ്വന്തം കാര്യങ്ങൾ ചെയ്യാനോ സാധിക്കുന്ന അവസ്ഥയിലല്ലെന്നും ടിയാന് ഏപ്രിൽ മെയ് മാസങ്ങളിൽ ഫുൾ

ശമ്പളവും തുടർന്ന് 31.7.2014 വരെ അർദ്ധ വേതനാവധി പ്രകാരമുള്ള ശമ്പളവും ലഭിച്ചുവെങ്കിലും 01.08.2014 മുതൽ യാതൊരു സർവ്വീസ് ആനുകൂല്യങ്ങളോ, മെഡിക്കൽ റീഇംബേഴ്സ്മെന്റ് മുതലായ ആനുകൂല്യങ്ങളോ നൽകിയിട്ടില്ലെന്നും പരാമർശം (2) പ്രകാരം സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3) വൈകല്യം ഉണ്ടായ ശേഷം ഒരു ജീവനക്കാരന് ടിയാൾ നേരത്തെ ചെയ്തിരുന്ന ജോലി തുടരുന്നതിന് അനുയോജ്യനല്ലെന്ന് കണ്ടെത്തിയാൽ അതേ ശമ്പള സ്കെയിലും ആനുകൂല്യങ്ങളുമുള്ള മറ്റൊരു തസ്തികയിലേയ്ക്ക് മാറ്റേണ്ടതാണെന്നും അങ്ങനെ സാധ്യമല്ലെങ്കിൽ അനുയോജ്യമായ തസ്തിക ലഭ്യമാകുന്നതുവരെയോ സൂപ്പർ ആനുവേഷൻ പ്രായം എത്തുന്നതുവരെയോ ഒരു സൂപ്പർന്യൂമററി തസ്തികയിൽ നിലനിർത്തേണ്ടതാണെന്നും The Rights of Persons With Disabilities Act -ലെ അദ്ധ്യായം 4 വകുപ്പ് 20 ഉപ വകുപ്പ് (4) ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ശ്രീ.ക്രിസ്പിൻദാസ്.എസ്.എസ്-ന് ഓഫീസിൽ ഹാജരാകുന്നതിന് പരസഹായം ആവശ്യമാണെന്നും ടിയാൾക്ക് തലച്ചോർ സംബന്ധമായി പ്രശ്നങ്ങളൊന്നും ഇല്ലെന്നും കേൾവിക്കും കാഴ്ചയ്ക്കും സംസാരത്തിനും ബുദ്ധിമുട്ടില്ലെന്നും ടിയാൾ ജോലി ചെയ്യുന്ന സ്കൂളിൽ ചിത്രകലാദ്ധ്യാപകന്റെ ഒഴിവ് നിലവിലില്ലെന്നും ആയതിനാൽ ശ്രീ. ക്രിസ്പിൻദാസ്.എസ്.എസ്-ന് The Rights of Persons With Disabilities Act-ലെ അദ്ധ്യായം 4 വകുപ്പ് 20 ഉപ വകുപ്പ് (4) പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും സ്വീകരിക്കണമെന്ന് സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

4) ആർ.ആർ.വി.ജി.എച്ച്.എസ്, ആർ.ആർ.വി.ബി.എച്ച്.എസ്.എസ് എന്നിങ്ങനെ രണ്ട് സ്കൂളുകളാണ് ആർ.ആർ.വി.സ്കൂൾസ് മാനേജ്മെന്റിനു കീഴിലുള്ളതെന്നും ചിത്രകലാദ്ധ്യാപകന്റെ സമാന സ്കെയിലിലുള്ള തസ്തികകൾ യു.പി.എസ്.റ്റി (ഫിസിക്കൽ എഡ്യൂക്കേഷൻ), ജൂനിയർ ഹിന്ദി ടീച്ചർ എന്നിവയാണെന്നും ടി മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളുകളിലൊന്നും പ്രസ്തുത തസ്തികകളിൽ ഒഴിവ് ലഭ്യമല്ലാത്തതിനാൽ ശ്രീ.ക്രിസ്പിൻദാസ്.എസ്.എസ്-നെ ചിത്രകലാദ്ധ്യാപക തസ്തികയുടെ ജോലി ചെയ്യാൻ സാധിക്കാത്തപക്ഷം സമാന ശമ്പള സ്കെയിലിൽ വേറൊരു തസ്തികയിൽ നിലനിർത്തുന്നതിന് സാധിക്കുകയില്ലെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിക്കുകയുണ്ടായി. ശ്രീ.ക്രിസ്പിൻദാസ്.എസ്.എസ് ന് 2014 ഏപ്രിൽ, മെയ് മാസങ്ങളിൽ മുഴുവൻ ശമ്പളവും തുടർന്ന് 31.07.2014 വരെ അർദ്ധ വേതനാവധി പ്രകാരമുള്ള ശമ്പളവും ലഭിച്ചുവെങ്കിലും 01.08.2014 മുതൽ വിരമിച്ച തീയതിയായ 31.05.2021 വരെ ടി കാലയളവുകൾ ആർജ്ജിതാവധിയ്ക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം I ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധി അനുവദിച്ച് നൽകിയിട്ടുണ്ടെന്നും പരാമർശം (3) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിക്കുകയുണ്ടായി.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒരു സർക്കാർ സ്ഥാപനവും ഒരു ജീവനക്കാരന് തന്റെ സേവന കാലയളവിനിടയിൽ ഏതെങ്കിലും തരത്തിലുള്ള വൈകല്യം സംഭവിച്ചു എന്നതിനാൽ ടിയാളുടെ സേവനം വേണ്ടെന്ന് വെയ്ക്കുകയോ; ടിയാൾ ജോലി ചെയ്തു വരുന്ന തസ്തികയിൽ നിന്ന് ടിയാളിനെ തരം താഴ്ത്തുകയോ ചെയ്യാൻ പാടുള്ളതല്ലെന്ന് 2016-ലെ The Rights of Persons With Disabilities Act-ലെ അദ്ധ്യായം 4 വകുപ്പ് 20 ഉപ വകുപ്പ് (4) ൽ

നിഷ്കർഷിച്ചിട്ടുള്ളതാണ്. വകുപ്പ് 20 ഉപവകുപ്പ് 4-ലെ 1-ാം ക്ലിപ്ത നിബന്ധനയിലെ വ്യവസ്ഥകൾ പ്രകാരം വൈകല്യം സംഭവിച്ചതിന് ശേഷം ഒരു ജീവനക്കാരന് താൻ നേരത്തേ ജോലി ചെയ്തു വന്നിരുന്ന തസ്തിക അനുയോജ്യമല്ലാത്ത പക്ഷം ടിയാളെ സമാന ശമ്പള സ്കെയിലിലും സേവന ആനുകൂല്യങ്ങളുമുള്ള മറ്റൊരു തസ്തികയിലേയ്ക്ക് മാറ്റേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ഏതെങ്കിലും ജീവനക്കാരനെ അപ്രകാരം മാറ്റുന്നതിന് അനുയോജ്യമായ യാതൊരു തസ്തികയും നിലവിലില്ലാത്ത പക്ഷം അനുയോജ്യമായ ഒരു തസ്തിക ലഭ്യമാവുന്നത് വരെയോ അല്ലെങ്കിൽ പ്രസ്തുത ജീവനക്കാരൻ വിരമിക്കുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ ഒരു സംഖ്യാതീത തസ്തികയിൽ (supernumerary post) ടിയാളെ നിലനിർത്തേണ്ടതാണെന്ന് ഉപവകുപ്പ് 4-ലെ 2-ാം ക്ലിപ്ത നിബന്ധനയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

6) മേൽ സാഹചര്യത്തിൽ, റോഡപകടത്തിൽ പൂർണ്ണമായും ചലനശേഷി നഷ്ടപ്പെട്ടതിനെ തുടർന്ന് 01.08.2014 മുതൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ച കിളിമാനൂർ ആർ.ആർ.വി.ജി.എച്ച്.എസ്.എസ്-ലെ ചിത്രകലാദ്ധ്യാപകനായ ശ്രീ. ക്രിപ്സിൻദാസ്.എസ്.എസ്-ന് The Rights of Persons With Disabilities Act -ലെ അദ്ധ്യായം 4 വകുപ്പ് 20 ഉപ വകുപ്പ് (4) പ്രകാരം 01.08.2014 മുതൽ വിരമിക്കൽ തീയതിയായ 31.05.2021 വരെയുള്ള ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതിനായി പ്രസ്തുത കാലയളവിലേയ്ക്ക് മാത്രമായി ടി സ്കൂളിൽ ചിത്രകലാദ്ധ്യാപകന്റെ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റാണി ജോർജ്ജ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആറ്റിങ്ങൽ
ശ്രീ.ക്രിപ്സിൻ ദാസ്.എസ്.എസ്, ചിത്രകലാദ്ധ്യാപകൻ,
ആർ.ആർ.വി.ജി.എച്ച്.എസ്. എസ്, കിളിമാനൂർ.
സാമൂഹ്യനീതി (ബി) വകുപ്പ്
ധനകാര്യ വകുപ്പ് (E-1704373/EDN-A1/23/2021-FIN dated 06.06.2023 പ്രകാരം)
നിയമവകുപ്പ് (ഒപ്പീനിയൻ-എഫ്1/241/2023-നിയമം, തീയതി 26.02.2024 പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം.2783, തീയതി 26.03.2023)
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Somaraj K G
സെക്ഷൻ ഓഫീസർ
Date: 01-04-2025 10:44:12

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 26-03-2025

ഫയൽ നം. പൊ.വി.വ.-ആർ3/247/2020/പൊ.വി.വ. ഇനം നം: 2783

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - റോഡപകടത്തിൽ പൂർണ്ണമായും ചലനശേഷി നഷ്ടപ്പെട്ടതിനെ തുടർന്ന് 01.08.2014 മുതൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ച കിളിമാനൂർ ആർ.ആർ.വി. ജി.എച്ച്.എസ്.എസ്.-ലെ ചിത്രകലാദ്ധ്യാപകനായ ശ്രീ.ക്രിപ്സിൻദാസ് എസ്.എസ്.-ന് The Rights of Persons With Disabilities Act-ലെ അദ്ധ്യായം 4 വകുപ്പ് 20 ഉപവകുപ്പ് (4) പ്രകാരം 01.08.2014 മുതൽ വിരമിക്കൽ തീയതിയായ 31.05.2021 വരെയുള്ള ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതിനായി പ്രസ്തുത കാലയളവിലേയ്ക്ക് മാത്രമായി ടി സ്കൂളിൽ ചിത്രകലാദ്ധ്യാപകന്റെ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

**കേരള സർക്കാർ**
(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

2783

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | പൊ.വി.വ-ആർ3/247/2020-പൊ.വി.വ |
| 2 | വകുപ്പ് | : | പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ് |
| 3 | വിഷയം | : | റോഡപകടത്തിൽ പൂർണ്ണമായും ചലനശേഷി നഷ്ടപ്പെട്ടതിനെ തുടർന്ന് 01.08.2014 മുതൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ച കിളിമാനൂർ ആർ.ആർ.വി.ജി..എച്ച്.എസ്.എസ്-ലെ ചിത്ര കലാദ്ധ്യാപകനായ ശ്രീ.ക്രിപ്പിൻദാസ്.എസ്.എസ് ന് The Rights of Persons With Disabilities Act -ലെ അദ്ധ്യായം 4 വകുപ്പ് 20 ഉപ വകുപ്പ് (4) പ്രകാരം 01.08.2014 മുതൽ വിരമിക്കൽ തീയതിയായ 31.05.2021 വരെയുള്ള ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതിനായി പ്രസ്തുത കാലയളവിലേയ്ക്ക് മാത്രമായി ടി സ്കൂളിൽ ചിത്രകലാദ്ധ്യാപകന്റെ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 04.02.2025 |
| 5 | (1) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | (2) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | | ഉണ്ട് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉൾക്കൊള്ളിച്ചിട്ടുണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | ഉൾക്കൊള്ളിച്ചിട്ടുണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ജ്യോതിലക്ഷ്മി.എൽ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.റാണി ജോർജ്ജ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 17.02.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ശാരദാ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 28.02.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. വി.ശിവൻകുട്ടി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 03.03.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 04.03.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

റോഡപകടത്തിൽ പൂർണ്ണമായും ചലനശേഷി നഷ്ടപ്പെട്ടതിനെ തുടർന്ന് 01.08.2014 മുതൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ച കിളിമാന്നൂർ ആർ.ആർ.വി.ജി.എച്ച്.എസ്.എസ്-ലെ ചിത്രകലാദ്ധ്യാപകനായ ശ്രീ.ക്രിസ്റ്റിൻ ദാസ്.എസ്.എസ് ന് The Rights of Persons With Disabilities Act –ലെ അദ്ധ്യായം 4 വകുപ്പ് 20 ഉപ വകുപ്പ് (4) പ്രകാരം 01.08.2014 മുതൽ വിരമിക്കൽ തീയതിയായ 31.05.2021 വരെയുള്ള ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതിനായി പ്രസ്തുത കാലയളവിലേയ്ക്ക് മാത്രമായി ടി സ്കൂളിൽ ചിത്രകലാദ്ധ്യാപകന്റെ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കുന്ന വിഷയം സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) റോഡപകടത്തിൽ നട്ടെല്ലിന് ക്ഷതം സംഭവിക്കുകയും തുടർന്ന് നിരന്തര ചികിത്സയിലായിരിക്കുകയും നിലവിൽ ശരീരം പൂർണ്ണമായും ചലനശേഷി നഷ്ടപ്പെട്ട അവസ്ഥയിലുമായതിനാൽ The Rights of Persons With Disabilities Act –ലെ അദ്ധ്യായം 4 വകുപ്പ് 20 ഉപ വകുപ്പ് (4) പ്രകാരം ശമ്പളവും ആനുകൂല്യങ്ങളും നൽകണമെന്നാവശ്യപ്പെട്ട് എയ്ഡഡ് സ്കൂളായ കിളിമാന്നൂർ ആർ.ആർ.വി.ജി.എച്ച്.എസ്.എസ് ലെ ചിത്രകലാദ്ധ്യാപകനായ ശ്രീ.ക്രിസ്റ്റിൻ ദാസ്.എസ്.എസ് സാമൂഹ്യ നീതി വകുപ്പിന് അപേക്ഷ സമർപ്പിക്കുകയുണ്ടായി. 10.12.2018 ന് ടിയാൾക്ക് 80% ഭിന്നശേഷിക്കാരനാണെന്നുള്ള മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ടെന്നും പരസഹായം കൂടാതെ ആഹാരം കഴിക്കാനോ സ്വന്തം കാര്യങ്ങൾ ചെയ്യാനോ സാധിക്കുന്ന അവസ്ഥയിലല്ലെന്നും ടിയാന് ഏപ്രിൽ മെയ് മാസങ്ങളിൽ ഫുൾ ശമ്പളവും തുടർന്ന് 31.7.2014 വരെ അർദ്ധ വേതനാവധി പ്രകാരമുള്ള ശമ്പളവും ലഭിച്ചുവെങ്കിലും 01.08.2014 മുതൽ യാതൊരു സർവ്വീസ് ആനുകൂല്യങ്ങളോ, മെഡിക്കൽ റീഇംബേഴ്സ്മെന്റ് മുതലായ ആനുകൂല്യങ്ങളോ നൽകിയിട്ടില്ലെന്നും കൂടാതെ ടിയാളുടെ ചികിത്സാ സൗകര്യാർത്ഥം മണ്ണന്തലയിൽ ഒരു വീട് വാടകയ്ക്കെടുത്ത് ഭാര്യയും ഒരേയൊരു മകനുമൊത്ത് താമസിക്കുന്ന ടിയാന് പ്രതിദിനം ഫിസിയോതെറാപ്പിക്ക് 500/- രൂപയും ഡയബെറ്റിക് ആയതിനാൽ മരുന്നിനായി പ്രതിമാസം 1,500/- രൂപയും ചെലവ് വരുന്നുണ്ടെന്നും നിലവിൽ ഭാര്യയും മകനും ചെറിയ ശമ്പളത്തിൽ ജോലിയെടുത്താണ് ചെലവുകൾ നടത്തിവരുന്നതെന്നും സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) വൈകല്യം ഉണ്ടായ ശേഷം ഒരു ജീവനക്കാരന് ടിയാൾ നേരത്തെ ചെയ്തിരുന്ന ജോലി തുടരുന്നതിന് അനുയോജ്യനല്ലെന്ന് കണ്ടെത്തിയാൽ അതേ ശമ്പള സ്കെയിലും ആനുകൂല്യങ്ങളുമുള്ള മറ്റൊരു തസ്തികയിലേയ്ക്ക് മാറ്റേണ്ടതാണെന്നും അങ്ങനെ സാധ്യമല്ലെങ്കിൽ അനുയോജ്യമായ തസ്തിക ലഭ്യമാകുന്നതുവരെയോ സൂപ്പർ

ആനുവേഷൻ പ്രായം എത്തുന്നതുവരെയോ ഒരു സൂപ്പർന്യൂമററി തസ്തികയിൽ നിലനിർത്തേണ്ടതാണെന്നും The Rights of Persons With Disabilities Act -ലെ അദ്ധ്യായം 4 വകുപ്പ് 20 ഉപ വകുപ്പ് (4) ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ശ്രീ.ക്രിപ്സിൻ ദാസ്.എസ്.എസ്-ന് ഓഫീസിൽ ഹാജരാകുന്നതിന് പരസഹായം ആവശ്യമാണെന്നും ടിയാൾക്ക് തലച്ചോർ സംബന്ധമായി പ്രശ്നങ്ങളൊന്നും ഇല്ലെന്നും കേൾവിക്കും കാഴ്ചയ്ക്കും സംസാരത്തിനും ബുദ്ധിമുട്ടില്ലെന്നും ടിയാൾ ജോലി ചെയ്യുന്ന സ്കൂളിൽ ചിത്രകലാദ്ധ്യാപകന്റെ ഒഴിവ് നിലവിലില്ലെന്നും ആയതിനാൽ The Rights of Persons With Disabilities Act -ലെ അദ്ധ്യായം 4 വകുപ്പ് 20 ഉപ വകുപ്പ് (4) പ്രകാരമുള്ള ആനുകൂല്യങ്ങൾ ശ്രീ.ക്രിപ്സിൻദാസ്.എസ്.എസ്-ന് ലഭ്യമാകുന്നതിനുള്ള നടപടികൾ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും സ്വീകരിക്കണമെന്നും സാമൂഹ്യനീതി വകുപ്പ് ശിപാർശ ചെയ്യുകയുണ്ടായി.

4) മേൽ വിഷയത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ചുവടെ പരാമർശിക്കും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

*"2016-ലെ The Rights of Persons With Disabilities Act -ലെ അദ്ധ്യായം 4 വകുപ്പ് 20 ഉപ വകുപ്പ് (4) താഴെപറയും പ്രകാരമാണ്:-*

*"Section 20. Non-discrimination in employment.*

*....(4) No Government establishment shall dispense with or reduce in rank, an employee who acquires a disability during his or her service: Provided that, if an employee after acquiring disability is not suitable for the post he was holding, shall be shifted to some other post with the same pay scale and service benefits:*

*Provided further that if it is not possible to adjust the employee against any post, he may be kept on a supernumerary post until a suitable post lis available or he attains the age of superannuation, whichever is earlier".*

*2016-ലെ The Rights of Persons With Disabilities Act -ലെ അദ്ധ്യായം 4 വകുപ്പ് 20 ഉപ വകുപ്പ് (4)-ലെ വ്യവസ്ഥകൾ പ്രകാരം യാതൊരു സർക്കാർ സ്ഥാപനവും ഒരു ജീവനക്കാരന് തന്റെ സേവന കാലയളവിനിടയിൽ ഏതെങ്കിലും തരത്തിലുള്ള വൈകല്യം സംഭവിച്ച എന്നതിനാൽ ടിയാളുടെ സേവനം വേണ്ടെന്ന് വെയ്ക്കുകയോ, ടിയാൾ ജോലി ചെയ്തു വരുന്ന തസ്തികയിൽ നിന്ന് ടിയാളിനെ തരം താഴ്ത്തുകയോ ചെയ്യാൻ പാടുള്ളതല്ല എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ടി വകുപ്പ് 20 ഉപവകുപ്പ് 4-ലെ 1-ാം ക്ലിപ്ത നിബന്ധനയിലെ വ്യവസ്ഥകൾ പ്രകാരം വൈകല്യം സംഭവിച്ചതിന് ശേഷം ഒരു ജീവനക്കാരന് താൻ നേരത്തേ ജോലി ചെയ്ത് വന്നിരുന്ന തസ്തിക അനുയോജ്യമല്ലാത്ത പക്ഷം ടിയാളിനെ സമാന ശമ്പള സ്കെയിലിലും സേവന ആനുകൂല്യങ്ങളുമുള്ള മറ്റൊരു തസ്തികയിലേയ്ക്ക് മാറ്റേണ്ടതാണെന്ന് വ്യവസ്ഥ*

ചെയ്തിട്ടുള്ളതാണ്. ഏതെങ്കിലും ജീവനക്കാരനെ അപ്രകാരം മാറ്റുന്നതിന് അനുയോജ്യമായ യാതൊരു തസ്തികയും നിലവിലില്ലാത്ത പക്ഷം അനുയോജ്യമായ ഒരു തസ്തിക ലഭ്യമാവുന്നത് വരയോ അല്ലെങ്കിൽ പ്രസ്തുത ജീവനക്കാരൻ വിരമിക്കുന്നതുവരെയോ ഏതാണോ ആദ്യം അത് വരെ ഒരു സംഖ്യാതീത തസ്തികയിൽ (supernumerary post) ടിയാളിനെ നിലനിർത്തേണ്ടതാണെന്ന് ടി ഉപവകുപ്പ് 4-ലെ 2-ാം ക്ലിപ്ത നിബന്ധനയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

ആയതിനാൽ ആർ.ആർ.വി.ജി.എച്ച്.എസ്.എസ്-ലെ ഡ്രോയിംഗ് അദ്ധ്യാപകനായ ശ്രീ.ക്രിസ്പിൻദാസിന് റോഡ് അപകടത്തെതുടർന്ന് സംഭവിച്ചതായി പറയുന്ന വൈകല്യം കാരണം ടിയാളിന് നിലവിലുള്ള തസ്തികയിൽ ജോലി ചെയ്യുന്നതിന് സാധ്യമല്ലാത്ത സാഹചര്യം നിലവിലുള്ള പക്ഷം, ടിയാളിനെ 'സമാന ശമ്പള സ്കെയിലിലും സേവന ആനുകൂല്യങ്ങളുമുള്ള മറ്റൊരു തസ്തികയിലേയ്ക്ക് മാറ്റി നിയമിക്കുകയോ അപ്രകാരം നിയമിക്കുന്നതിന് തസ്തിക ലഭ്യമല്ലാത്ത പക്ഷം അനുയോജ്യമായ ഒരു തസ്തിക ലഭ്യമാവുന്നത് വരയോ അല്ലെങ്കിൽ പ്രസ്തുത ജീവനക്കാരൻ വിരമിക്കുന്നതുവരെയോ ഏതാണോ ആദ്യം അത് വരെ ഒരു സംഖ്യാതീത തസ്തികയിൽ (supernumerary post) ടിയാളിനെ നിലനിർത്തുകയോ ചെയ്യാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

5) നിയമവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്ന വിഷയത്തിൽ അഭിപ്രായം തേടിയപ്പോൾ ധനകാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

*"The Rights of Persons with Disabilities Act-2016 Chapter IV-20(4) പ്രകാരം സർവ്വീസിൽ തുടരുന്ന ജീവനക്കാർക്ക് വൈകല്യങ്ങൾ സംഭവിച്ചാൽ, ടിയാൾക്ക് നിലവിലുള്ള തസ്തികയിൽ ജോലി ചെയ്യുന്നതിന് സാധ്യമല്ലാത്ത സാഹചര്യം നിലവിലുള്ള പക്ഷം, ടിയാളെ സമാന ശമ്പള സ്കെയിലിലും സേവന ആനുകൂല്യങ്ങളുമുള്ള മറ്റൊരു തസ്തികയിലേയ്ക്ക് മാറ്റി നിയമിക്കുക ആണ് ചെയ്യേണ്ടത്. ശ്രീ. ക്രിസ്പിൻദാസിന് നിലവിൽ ജോലി ചെയ്യുന്ന ഡ്രോയിംഗ് അധ്യാപക തസ്തികയുടെ ജോലി നിർവഹിക്കാൻ സാധ്യമല്ല എങ്കിൽ ടിയാനെ സമാന ശമ്പള സ്കെയിലിൽ വേറൊരു തസ്തികയിൽ നിലനിർത്തുന്നതിന്റെ സാധ്യത പരിശോധിച്ച് റിപ്പോർട്ട് ചെയ്യാനും കൂടാതെ ടിയാന്റെ വിരമിക്കൽ തീയതി എന്നാണെന്ന് കൂടി ആരായേണ്ടതും, നിലവിൽ ശൂന്യവേതനാവധിയിൽ തുടരുന്ന ടിയാൻ സ്കൂളിലെ ഡ്രോയിംഗ് അധ്യാപക തസ്തിക വഹിക്കുകയാണെന്നും ആയതിനാൽ വിരമിക്കൽ തീയതി വരെ നിലവിലുള്ള*

*ക്രമീകരണത്തിൽ നിലനിർത്താനാവുമോ എന്ന സാധ്യത കൂടി പരിശോധിക്കേണ്ടതാണ് എന്നും ഭരണവകുപ്പിനെ അറിയിക്കുന്നു."*

6) ആർ.ആർ.വി.ജി.എച്ച്.എസ്, ആർ.ആർ.വി.ബി.എച്ച്.എസ്.എസ് എന്നിങ്ങനെ രണ്ട് സ്കൂളുകളാണ് ആർ.ആർ.വി.സ്കൂൾസ് മാനേജ്മെന്റിനു കീഴിലുള്ളതെന്നും ചിത്രകലാദ്ധ്യാപകന്റെ സമാന സ്കെയിലിലുള്ള തസ്തികകൾ യു.പി.എസ്.റ്റി (ഫിസിക്കൽ എഡ്യൂക്കേഷൻ), ജൂനിയർ ഹിന്ദി ടീച്ചർ എന്നിവയാണെന്നും ടി മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളുകളിലൊന്നും പ്രസ്തുത തസ്തികകളിൽ ഒഴിവ് ലഭ്യമല്ലാത്തതിനാൽ ശ്രീ.ക്രിസ്പിൻദാസ്.എസ്.എസ്-നെ ചിത്രകലാദ്ധ്യാപക തസ്തികയുടെ ജോലി ചെയ്യാൻ സാധിക്കാത്തപക്ഷം സമാന ശമ്പള സ്കെയിലിൽ വേറൊരു തസ്തികയിൽ നിലനിർത്തുന്നതിന് സാധിക്കുകയില്ലെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിക്കുകയുണ്ടായി. ശ്രീ.ക്രിസ്പിൻദാസ്.എസ്.എസ് ന് 2014 ഏപ്രിൽ, മെയ് മാസങ്ങളിൽ മുഴുവൻ ശമ്പളവും തുടർന്ന് 31.07.2014 വരെ അർദ്ധ വേതനാവധി പ്രകാരമുള്ള ശമ്പളവും ലഭിച്ചുവെങ്കിലും 01.08.2014 മുതൽ വിരമിച്ച തീയതിയായ 31.05.2021 വരെ ടി കാലയളവുകൾ ആർജ്ജിതാവധിയ്ക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം I ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധി അനുവദിച്ച് നൽകിയിട്ടുണ്ടെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിക്കുകയുണ്ടായി.

7) 01.08.2014 മുതൽ വിരമിച്ച തീയതിയായ 31.05.2021 വരെ The Rights of Persons With Disabilities Act -ലെ അദ്ധ്യായം 4 വകുപ്പ് 20 ഉപ വകുപ്പ് (4) പ്രകാരം ആനുകൂല്യങ്ങൾ നല്കാനാകുമോ എന്നതിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി:-

*"The Rights of Persons with Disabilities Act പ്രകാരം സർവീസിലിരിക്കേ തന്റെ തസ്തികയുമായി ബന്ധപ്പെട്ട ജോലി നിർവഹിക്കാൻ കഴിയാത്ത വിധം വൈകല്യം/അവശത നേരിടുന്ന ഉദ്യോഗസ്ഥനെ ടിയാൾ വാങ്ങി വന്നിരുന്ന ശമ്പളവും ആനുകൂല്യങ്ങളും നിലനിർത്തി വേറൊരു തസ്തികയിലോ, ഒരു തസ്തികയിലും നിലനിർത്താൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചോ നിലനിർത്തേണ്ടതാണ്. എന്നാൽ ശ്രീ.ക്രിസ്പിൻദാസിന് 01.8.2014 മുതൽ 31.05.2021 (വിരമിക്കൽ തീയതി വരെ) വരെയുള്ള കാലയളവിലേക്ക് ആർജ്ജിതാവധിയ്ക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം I ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധി അനുവദിച്ച് നൽകിയിട്ടുള്ള സാഹചര്യത്തിൽ, അപ്രകാരം തീർപ്പാക്കിയ കേസ്സിൽ ഇനി മുൻകാല പ്രാബല്യത്തോടെ The Rights of Persons with Disabilities Act ന്റെ പരിധിയിൽപ്പെടുത്തി ശമ്പളവും*

*ആനുകൂല്യവും കൊടുക്കുന്നത് ക്രമമാണോ എന്നും ഇപ്രകാരം ഒരാൾക്ക് നല്കിയാൽ സമാനമായി ശൂന്യവേതനാവധി അനുവദിച്ച് തീർപ്പാക്കിയ എല്ലാ കേസ്സുകളിലും മുൻ കാല പ്രാബല്യത്തോടെ ശമ്പളവും ആനുകൂല്യങ്ങളും നൽകുന്ന പക്ഷം അത് സർക്കാരിന് താങ്ങാനാവാത്ത സാമ്പത്തിക ബാധ്യത സൃഷ്ടിക്കുകയും ചെയ്യുമെന്നതിനാൽ ഇതിന്മേൽ സാമൂഹ്യനീതി വകുപ്പിന്റെ അഭിപ്രായം തേടി ഭരണവകുപ്പ് ഉചിത തലത്തിൽ തീരുമാനം എടുക്കേണ്ടതാണ് എന്ന് അറിയിക്കുന്നു."*

8) ഈ വിഷയത്തിൽ സാമൂഹ്യനീതി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി:-

*"ശ്രീ ക്രിസ്പിൻ ദാസിന് 2021 മെയ് മാസത്തിൽ റിട്ടയർമെന്റാണ്. മേൽ സാഹചര്യത്തിൽ Rights of persons with Disabilities Act, 2016 section 20 (4) പ്രകാരം ഭിന്നശേഷിത്വം ഉണ്ടായ ശേഷം ആ ജീവനക്കാരന് അയാൾ നേരത്തെ ചെയ്തിരുന്ന ജോലി തുടരുന്നതിനു അനുയോജ്യനല്ലെന്ന് കണ്ടെത്തിയാൽ അതേ ശമ്പള സ്കെയിലും ആനുകൂല്യങ്ങളും ഉള്ള മറ്റൊരു തസ്തികയിലേക്ക് മാറ്റേണ്ടതാണെന്നും അങ്ങനെ സാധ്യമല്ലെങ്കിൽ അനുയോജ്യമായ തസ്തിക ലഭ്യമാകുന്നത് വരെയോ സൂപ്പർ ആന്വേഷൻ പ്രായം എത്തുന്നത് വരെയോ ഒരു സൂപ്പർ ന്യൂമററി തസ്തികയിൽ നിലനിർത്തേണ്ടതാണ്. ഈ വിഷയത്തിൽ ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ് എന്ന വിവരം അറിയിക്കുന്നു."*

9) തുടർന്ന് ശ്രീ.ക്രിസ്പിൻദാസ്.എസ്.എസ്-നെ, മുൻകാല പ്രാബല്യത്തോടെ സൂപ്പർ ന്യൂമററി തസ്തികയിൽ, നിലനിർത്തിയതായി പരിഗണിച്ച് Rights of Persons with Disabilities Act-2016 Chapter ചാപ്റ്റർ 4, 20(4) പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകാവുന്നതാണോ എന്ന ഉത്തരവിനായി ഫയൽ ധനകാര്യ വകുപ്പിന് നൽകിയപ്പോൾ 03.02.2022 ൽ നൽകിയ അഭിപ്രായത്തിൽ ഉറച്ച് നിൽക്കുന്നു എന്ന് അഭിപ്രായപ്പെടുകയുണ്ടായി.

10) തുടർന്ന് ഈ വിഷയത്തിൽ നിയമ വകുപ്പ് ചുവടെ പരാമർശിക്കും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

*"ഫയലിലെ പ്രതിപാദ്യവിഷയത്തിൽ GEDN-R3/247/2020-G.EDN (e-1643857) നമ്പർ ഫയലിൽ നിയമ വകുപ്പിന്റെ അഭിപ്രായം 22/01/2021-ൽ 19066/Opinion F1/2020/Law നമ്പരായി നൽകിയിരുന്നു. എന്നാൽ ശ്രീ. ക്രിസ്പിൻദാസ്.എസ്.എസ്. 31.05.2021-ൽ സേവനത്തിൽ നിന്നും വിരമിക്കുന്നതുവരെയും ഈ വകുപ്പ് അഭിപ്രായപ്പെട്ട പ്രകാരമുള്ള ആനുകൂല്യം നല്കിയിട്ടില്ല എന്ന് കാണുന്നു. സേവനത്തിലുള്ള ജീവനക്കാരൻ*

തന്റെ സേവനകാലയളവിൽ സംഭവിക്കുന്ന വൈകല്യം കാരണം ഔദ്യോഗിക കൃത്യനിർവ്വഹണം നിർവ്വഹിക്കാൻ കഴിയാത്ത ജീവിതാവസ്ഥയിലായ, മാനുഷിക പരിഗണന അർഹിക്കുന്നവരുടെ കാര്യത്തിൽ, 2016-ലെ The Rights of Persons With Disabilities Act-ലെ വകുപ്പ് 20 പ്രകാരം പ്രത്യേക നിയമപരിരക്ഷയും ആനുകൂല്യങ്ങളും നല്കിയിട്ടുള്ളതാണ്. Right of Persons with Disabilities Act, 2016 -ലെ വകുപ്പ് 20(4)-പ്രകാരം യാതൊരു സർക്കാർ സ്ഥാപനവും, ഒരു ജീവനക്കാരനെ തന്റെ സർക്കാർ സേവനകാലയളവിൽ സംഭവിക്കുന്ന വൈകല്യം കാരണം, സേവനത്തിൽ നിന്ന് ഒഴിവാക്കാനോ പദവിയിൽ തരം താഴ്ത്താനോ പാടില്ല എന്ന് നിഷ്കർഷിക്കുകയും ജീവനക്കാരൻ ജോലി ചെയ്തിരുന്ന തസ്തികയിൽ ജോലി ചെയ്യുന്നതിന് യോഗ്യനല്ലെങ്കിൽ ടിയാളിനെ സമാന ശമ്പള സ്കെയിലിലും സേവന ആനുകൂല്യങ്ങളുമുള്ള മറ്റൊരു തസ്തികയിലേക്ക് മാറ്റി നിയമിക്കുകയോ അപ്രകാരം നിയമിക്കുന്നതിന് തസ്തിക ലഭ്യമല്ലാത്ത പക്ഷം അനുയോജ്യമായ ഒരു തസ്തിക ലഭ്യമാകുന്നത് വരെയോ അല്ലെങ്കിൽ ടിയാൻ വിരമിക്കുന്നതു വരെയോ ഏതാണോ ആദ്യം അത് വരെ ഒരു സൂപ്പർന്യൂമററി തസ്തികയിൽ ടിയാളിനെ നിലനിർത്തുകയോ ചെയ്യണമെന്നാണ് നിയമം അനുശാസിക്കുന്നത്. മാനുഷിക പരിഗണന അർഹിക്കുന്ന ഇത്തരക്കാരുടെ വിഷയങ്ങളിൽ അവർക്ക് നിയമപരമായി അർഹതപ്പെട്ട ആനുകൂല്യങ്ങൾ സമയബന്ധിതമായി അർഹതപ്പെട്ടവർക്ക് നല്കേണ്ടത് ബന്ധപ്പെട്ട അധികാരികളുടെ നിയമപരമായ ബാദ്ധ്യതയാണ്. അപ്രകാരം നടപടി സ്വീകരിക്കാതിരിക്കുന്നത്, United Nations Convention on the Rights of Persons with Disability കരാറിൽ signatory ആയ കേന്ദ്ര സർക്കാർ പ്രസ്തുത വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേക്കായി ഭരണഘടന പ്രദാനം ചെയ്യുന്ന അധികാരം വിനിയോഗിച്ച് നിർമ്മിച്ച 2016-ലെ The Rights Of Persons With Disabilities Act -ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് അനുസൃതമല്ലാത്ത നടപടിയാണ്.

ശ്രീ. ക്രിസ്പിൻദാസ് എസ്.എസ്-ന് 01.08.2014 മുതൽ യാതൊരു സർവ്വീസ് ആനുകൂല്യങ്ങളും ലഭിക്കുന്നില്ലെന്നാണ് ഭരണ വകുപ്പ് ഫയലിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. 2016-ലെ RPWD Act പ്രാബല്യത്തിൽ (19.04.2017) വരുന്നതിന് മുമ്പ് പ്രാബല്യത്തിലുണ്ടായിരുന്ന 1995-ലെ Persons With Disabilities (Equal Opportunities, Protection of Rights and Full Participation) Act- ലും 2016-ലെ RPWD ആക്റ്റിലെ വകുപ്പ് 20(4)-ന് സമാനമായ വ്യവസ്ഥകൾ ശ്രീ. ക്രിസ്പിൻദാസ് എസ്.എസ്-ന് അർഹതയുള്ളതാണ്. എന്നിരുന്നാലും ടിയാന്റെ അപേക്ഷയിൽ 2016-ലെ RPWD Act-ലെ വകുപ്പ് 20(4) പ്രകാരമുള്ള ആനുകൂല്യങ്ങൾ നല്കണമെന്ന് അപേക്ഷിച്ചിട്ടുള്ളതിനാൽ ആയതുപ്രകാരമുള്ള ആനുകൂല്യങ്ങളെങ്കിലും കാലതാമസം കൂടാതെ ലഭ്യമാക്കേണ്ടതുണ്ട്.

*സർക്കാർ ഉത്തരവ് (G.O(P) No.18/2018/SJD dated 18.11.2018) പ്രകാരം disabilities ഉള്ള ആളുകൾക്ക്, സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലും കോളേജുകളിലും 2016-ലെ RPWD ആക്റ്റിൽ വിഭാവനം ചെയ്യുന്ന കേഡർ സ്ട്രെങ്ത് നിയമനങ്ങളിൽ, അത്തരം ആളുകൾക്ക് അനുയോജ്യമെന്ന് കണ്ടെത്തിയ തസ്തികകളിൽ 4% സംവരണം നല്കുന്നതിനു പുറമേ 1995-ലെ PWD ആക്റ്റിൽ വിഭാവനം ചെയ്യുന്ന 3% സംവരണവും (in backlog vacancies from 07.02.1996 to 18.04.2017) ഉറപ്പുവരുത്തേണ്ടതാണെന്ന് ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഫയൽ ചെയ്ത Renjith J. V. and Others v. State of Kerala and Others [2020 (5) KLT 324] എന്ന കേസ്സിൽ ടി സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ ശരിവച്ചിട്ടുള്ളതാണ്. ടി വിധിയ്ക്കെതിരെയുള്ള അപ്പീലുകളിലും (ബഹു. സുപ്രീം കോടതിയുൾപ്പെടെയുള്ള) പ്രസ്തുത സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ ശരിവച്ചിട്ടുള്ളതാണ്. 1995-ലെ PWD ആക്റ്റിലെയും 2016-ലെ RPWD ആക്റ്റിലെയും വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ സംസ്ഥാന സർക്കാരും എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകളും കാണിച്ച നിസ്സംഗതയ്ക്കും നിഷ്ക്രിയത്വത്തിനും എതിരെ ഫയൽ ചെയ്ത W.P.(C) No.19808/2021 & connected cases-ൽ ബഹു. കേരള ഹൈക്കോടതി 10.08.2022-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ, G.O(P) No.18/2018/SJD dated 18.11.2018 സർക്കാർ ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കാൻ ഉത്തരവായിട്ടുള്ളതാണ്. ടി വിധിന്യായത്തിൽ 1995-ലെ PWD ആക്റ്റും 2016-RPWD ആക്റ്റും പ്രാബല്യത്തിൽ കൊണ്ടുവന്നതിന്റെ പശ്ചാത്തലവും അവയ്ക്ക് എയ്ഡഡ് സ്കൂളുകളുകളിന്മേലുള്ള ബാധകതയും വളരെ വിശദമായി പ്രതിപാദിച്ചിട്ടുള്ളതുമാണ്.*

*മേൽ നിയമവ്യവസ്ഥകളുടെയും വിധിന്യായങ്ങളുടെയും വെളിച്ചത്തിൽ, 2016-ലെ RPWD ആക്റ്റിലെ വകുപ്പ് 20(4) പ്രകാരമുള്ള ആനുകൂല്യം മുൻകാലപ്രാബല്യത്തിൽ, ടിയാന് ലഭ്യമാക്കുന്നതിന് അടിയന്തരമായി തുടർനടപടി സ്വീകരിക്കേണ്ടതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."*

11) 2014 ലെ (22/4/2014) വെക്കേഷൻ കാലയളവിലാണ് ശ്രീ.ക്രിസ്പിൻ ദാസ്.എസ്.എസ്-ന് അപകടം സംഭവിക്കുന്നത്. തുടർന്ന് സ്കൂൾ തുറന്ന 02.06.2014 മുതൽ 31.7.2014 വരെ അദ്ദേഹത്തിന് അർഹമായ അർദ്ധ വേതന അവധി അനുവദിച്ചിരുന്നുവെന്നും തുടർന്ന് 01.08.2014 മുതൽ റിട്ടയർമെന്റ് തീയതിയായ 31.5.2021 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിച്ചിരുന്നുവെന്നും ശ്രീ.ക്രിസ്പിൻദാസ്.എസ്.എസ് ശൂന്യവേതനാവധിയിൽ പ്രവേശിച്ച 01.08.2014 മുതൽ വിരമിക്കൽ തീയതിയായ 31.05.2021 വരെ ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതിന് 15,20,058/- രൂപ (പതിനഞ്ചു ലക്ഷത്തി ഇരുപതിനായിരത്തി അമ്പത്തി എട്ട് രൂപ മാത്രം) ചെലവ് പ്രതീക്ഷിക്കുന്നുവെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

12) സമാന സാഹചര്യത്തിൽ The Rights of Persons with Disabilities Act, 2016 Chapter IV-20(4) പ്രകാരം രണ്ട് ഉദ്യോഗസ്ഥർക്ക് (ഗവ.സെക്രട്ടറിയേറ്റിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.ഭാരതി.ജി, തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി കുടുംബാരോഗ്യകേന്ദ്രത്തിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് 1 തസ്തികയിൽ ജോലി ചെയ്തു വന്നിരുന്ന ശ്രീമതി.അജിമോൾ.സി.റ്റി എന്നിവർക്ക്) അസുഖമായ തീയതി മുതൽ വിരമിക്കുന്ന തീയതിവരെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ടെന്നും ആയത് കണക്കിലെടുത്ത് തന്റെ ദുരവസ്ഥ മനസിലാക്കി അപകടത്തിൽപ്പെട്ട് ശരീരത്തിന്റെ ചലനശേഷി നഷ്ടപ്പെട്ട് കിടപ്പിലായ തീയതി മുതൽ വിരമിക്കൽ തീയതിവരെയുള്ള ശമ്പളവും പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ശ്രീ.ക്രിപ്സിൻദാസ്.എസ്.എസ് അപേക്ഷയും അനുബന്ധരേഖകളും സമർപ്പിക്കുകയുണ്ടായി.

13) ധനകാര്യം, നിയമ, സാമൂഹ്യനീതി വകുപ്പുകളുടെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ റോഡപകടത്തിൽ പൂർണ്ണമായും ചലനശേഷി നഷ്ടപ്പെട്ടതിനെ തുടർന്ന് ശ്രീ.ക്രിപ്സിൻദാസ്.എസ്.എസ് ശൂന്യവേതനാവധിയിൽ പ്രവേശിച്ച 01.08.2014 മുതൽ വിരമിക്കൽ തീയതിയായ 31.05.2021 വരെ ടിയാന് ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതിന്, പ്രസ്തുത കാലയളവിലേക്ക് മാത്രമായി കിളിമാനൂർ ആർ.ആർ.വി.ജി.എച്ച്.എസ്.എസ് ൽ ചിത്രകലാദ്ധ്യാപകന്റെ ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്ന വിഷയത്തിൽ ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവാകുകയുണ്ടായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

റോഡപകടത്തിൽ പൂർണ്ണമായും ചലനശേഷി നഷ്ടപ്പെട്ട കിളിമാനൂർ ആർ.ആർ.വി.ജി.എച്ച്.എസ്.എസ്-ലെ ചിത്രകലാദ്ധ്യാപകനായ ശ്രീ.ക്രിപ്സിൻ ദാസ്.എസ്.എസ്-ന്റെ 01.08.2014 മുതൽ ടിയാന്റെ വിരമിക്കൽ തീയതിയായ 31.05.2021 വരെയുള്ള ശൂന്യാവേതനാവധി റദ്ദ് ചെയ്തുകൊണ്ട് The Rights of Persons With Disabilities Act -ലെ അദ്ധ്യായം 4 വകുപ്പ് 20 ഉപ വകുപ്പ് (4) പ്രകാരം പ്രസ്തുത കാലയളവിലേയ്ക്ക് മാത്രമായി ടി സ്കൂളിൽ ചിത്രകലാദ്ധ്യാപകന്റെ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് ശമ്പളവും മറ്റാനുകൂല്യങ്ങളും അനുവദിക്കാവുന്നതാണോ ?